പട്ടികജാതിയിൽപ്പെട്ടവരുടെ സാമൂഹ്യവും സാമ്പത്തികവുമായ സ്ഥിതി മെച്ചപ്പെടുത്തുന്നതിനായുള്ള സ്കീമുകൾ

325 (991) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികജാതിയിൽപ്പെട്ട ജനവിഭാഗത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ഏതെല്ലാം സ്കീമുകൾ ആണ് നടപ്പിലാക്കി വരുന്നത് ;

(ബി) 2010-11 മുതൽ 2014-15 വരെ ഈ ജനവിഭാഗത്തിന്റെ ഉന്നമനത്തിനായി എത്ര തുക ചെലവഴിച്ചു ; ഏതെല്ലാം സ്കീമുകൾ മുഖേനയാണ് ചെലവഴിച്ചത് ; എത്ര കുടുംബങ്ങൾക്ക് അതിന്റെ ഗുണം ലഭിച്ചു ; വിശദാംശം ലഭ്യമാക്കാമോ ;

(സി) ഓരോ വർഷത്തെയും കണക്ക് ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത കാലയളവിൽ എത്ര തുക കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകി എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ -ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

മിഷൻ 676-പട്ടികജാതി ക്ഷേമ പദ്ധതികൾ

326 (992) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി, പട്ടികജാതി ക്ഷേമ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതുവഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി)

1. 50,000 രൂപവരെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട മാതാപിതാക്കൾക്ക് ജനിക്കുന്ന പെൺകുട്ടികളുടെ ജീവിത സുരക്ഷ മുൻനിർത്തി ഓരോരുത്തരുടെയും പേരിൽ 50,000 രൂപ വീതം സ്ഥിരം നിക്ഷേപം നടത്തുന്ന 'വാത്സല്യനിധി' പദ്ധതി.

2. സ്കൂൾ തലത്തിൽ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിജയ ശതമാനം ഉയർത്തുന്നതിനായി പ്രത്യേക പരിശീലനം നൽകുന്നതിന് 'വിദ്യാജ്യോതി' പദ്ധതി.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള ശ്മശാനങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ സംരക്ഷിക്കുന്നതിനുമുള്ള സൗജന്യ പദ്ധതി.

4. പട്ടികജാതിക്കാർ, സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ളതും, 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ 1,00,000 രൂപവരെയുള്ള വായ്പ എഴുതിത്തള്ളൽ പദ്ധതി.

(സി)

1. വാത്സല്യനിധി പദ്ധതി :- 5000 പെൺകുട്ടികൾക്കായി നടപ്പുവർഷം 2500 ലക്ഷംരൂപ ചെലവു വരുന്നതാണ് പദ്ധതി. പദ്ധതി നടപ്പിലാക്കുന്നതിനായി വകുപ്പ് തലത്തിൽ പ്രാഥമിക നടപടികൾ സ്വീകരിക്കുകയും വിവിധ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച നടത്തിയതിൽ ഏറ്റവും കൂടുതൽ മടക്കുകൂലി വാഗ്ദാനം ചെയ്ത എൽ.ഐ.സി.-യെ നിർവ്വഹണ ഏജൻസിയായി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായുള്ള രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. വിദ്യാജ്യോതി :- ഈ പദ്ധതിയുടെ ഭാഗമായി 1 മുതൽ 4 വരെയുള്ള കുട്ടികൾക്ക് പ്രാഥമിക ചെലവുകൾക്കായി 2000 രൂപവെച്ച് 2014-15 മുതൽ അനുവദിച്ചിട്ടുണ്ട്. ഹൈസ്കൂൾ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനായുള്ള പദ്ധതി നടപ്പിലാക്കുന്നകാര്യം പരിഗണനയിലാണ്.

3. സ്മൃതിവനം : - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എസ്റ്റിമേറ്റ് ലഭിച്ച 37 ശ്മശാനങ്ങൾ നവീകരിക്കുന്നതിനുള്ള ശുപാർശ ലഭിച്ചതിൽനിന്നും
27 ശ്മശാനങ്ങൾ പരമാവധി 10 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി നവീകരിക്കുന്നതിന് 180.44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, 22 ശ്മശാനങ്ങളുടെ നവീകരണത്തിനായി 2014-15 സാമ്പത്തിക വർഷം 110.69 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

4. വായു എഴുതിത്തള്ളൽ പദ്ധതി : - സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർ, സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ഒരുലക്ഷം വരെയുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധികഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ വായ്പകൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് 30-3-2015-ലെ സ.ഉ.(അച്ചടി) നമ്പർ 24/2015/പജ.പവ.വിവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) വാത്സല്യനിധി പദ്ധതിക്കുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. വിദ്യാജ്യോതി പദ്ധതിക്കുള്ള ശിപാർശ പരിശോധിച്ച് വരികയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സ്മൃതിവനം പദ്ധതി നടപ്പിലാക്കാൻ 180.44 ലക്ഷം രൂപയുടെ ഭരണാനുമതി 2014-15-ൽ നൽകിയിട്ടുണ്ട്. വായ്പകൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് 30-3-2015 ലെ സ.ഉ.(അച്ചടി) നമ്പർ 24/2015/പജ.പവ.വിവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ടേക്ക് എ ബ്രേക്ക് പദ്ധതി

327 (993) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ടേക്ക് എ ബ്രേക്ക് ' പദ്ധതി പ്രകാരം എവിടെയെല്ലാം വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly